Unstarred Questions posted for Answer on 17th September 1951

M.L.As. WHO HAVE APPEARED WITH VAKALATHS BEFORE HON. MINISTERS

2. [2] **Sri. K. R. Elenkath:** Will the hon. Chief Minister be pleased to state:—

(*a*) the names of members of the Assembly who have appeared before hon. Ministers with Vakalaths in the years 1123, 24, 25 and 26 M.E.; and

(*b*) the number of cases and the number of times each of them appeared during the said period?

Chief Minister **(C. Kesavan):** (*a*) and (*b*) The time and labour involved in collecting the information will be out of all proportion to the purposes served.

STARRED QUESTIONS POSTED FOR ANSWER ON 18—9—1951

മെഡിക്കൽ കോളേജിലേക്കുള്ള തിരഞ്ഞെടുപ്പ്

*൧൫൩. (൧൭) **ശ്രീ. കൃഷ്ണനയ്യപ്പൻ:** (എ) തിരുവനന്തപുരത്തു പുതുതായി സ്ഥാപിച്ചിട്ടുള്ള മെഡിക്കൽകോളേജിലേക്ക് വിദ്യാർത്ഥികളെ തിരഞ്ഞെടുക്കുന്നതിനു നിയമിച്ചിരുന്ന കമ്മിറ്റിയിലെ അംഗങ്ങൾ ആരെല്ലാമായിരുന്നു?

(ബി) തിരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികളുടെ യോഗ്യത നിശ്ചയിക്കുന്നതിനുള്ള പൂർണ്ണ അധികാരവും ആ കമ്മിറ്റിക്കായിരുന്നോ?

(സി) നിർദ്ദിഷ്ട യോഗ്യതയുള്ളവരെയാണോ തിരഞ്ഞെടുത്തത്? അല്ലാതെ ആരെയെങ്കിലും തിരഞ്ഞെടുത്തിട്ടുണ്ടെങ്കിൽ അതു ആരെന്നും അതിനുള്ള കാരണങ്ങൾ എന്തെന്നും?

(ഡി) തിരഞ്ഞെടുക്കപ്പെട്ടവരുടെ ജാതി തിരിച്ചുള്ള ഒരു സ്റ്റെയിറ്റ്മെൻറ് ദയവായി പ്രസ്താവിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ): (എ) ചീഫ് സിക്രട്ടറി, സർജൻജനറൽ, യൂനിവേഴ്സിറ്റി രജിസ്ട്രാർ, പബ്ലിക് ഹെൽത്ത് ഡയറക്ടർ, മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ.

(ബി) ആയിരുന്നു.

(സി) അതെ.

(ഡി)

മുസ്ലീം	൩.
നായർ	൧൫.
ബ്രാഹ്മണർ	൪.
റോ. സി. കത്തോലിക്കർ	൧.
ജേക്കബൈറ്റ്	൪.
ആംഗ്ലിക്കൻ	൨.
എസ്. ഐ. യു. സി.	൧.
മാത്തമയിറ്റ്	൩.
ലാറ്റിൻകാത്തലിക്	൩.
ഈഴവർ	൧൦.
മറ്റഹിന്ദു	൧.
കമ്മാളൻ	൧.
നാടാർ	൧.
പുലയർ	൧.
ചേരമൻ ക്രിസ്ത്യൻ	൧.

LIBRARY ARCHIVES Kerala Legislative Assembly

വാലൻ ഫ.
അരയൻ ഫ.
ക്ഷുരകൻ ഫ.

ശുദ്ധജലവിതരണം

*ഫ ൫ ൬. (൨൦) ശ്രീ. അലക്സാണ്ടർ വാകയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കുമ്പളങ്ങിയിലേക്ക് പൈപ്പ്ലൈൻ നീട്ടി ശുദ്ധജലവിതരണം ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള വല്ല വിവേദനവും ലഭിച്ചിട്ടുണ്ടോ ;

(ബി) അതിന്മേൽ എന്തു നടപടി എടുത്തു ;

(സി) ജനനിബിഡമായ ഈ ഗ്രാമത്തിലെ നിവാസികൾ ശുദ്ധജലത്തിന്റെ അഭാവം നിമിത്തം പല രോഗങ്ങളും പിടിച്ചു വലയുന്നു എന്നുള്ള സംഗതി ഗവൺമെൻറിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. ജി. ചന്ദ്രശേഖരപിള്ള) :

(എ) ഉണ്ട്.

(ബി) അതിനെപ്പറ്റി അന്വേഷിച്ചു. എറണാകുളം-ചൊവ്വര വാട്ടർ വർക്സിൽ കൂടുതൽ വെള്ളം സംഭരിക്കാൻ സാധിച്ചതിനുശേഷം മാത്രമേ മറ്റു സ്ഥലങ്ങളിലേക്ക് പൈപ്പ്ലൈൻ നീട്ടുവാൻ നിവൃത്തിയുള്ളൂ. അതുകൊണ്ട് കുമ്പളങ്ങിയിലേക്ക് ലൈൻ നീട്ടുന്ന കാര്യം തൽക്കാലത്തേക്ക് മാറ്റിവച്ചിരിക്കുകയാണ്.

(സി) മറ്റു തിരപ്രദേശങ്ങളിലെപോലെ കുമ്പളങ്ങിയിലും ശുദ്ധജലക്ഷാമമുണ്ടെന്ന് ഗവൺമെൻറിനറിയാം.

TRANSPORT DEPARTMENT

*158. (21) **Sri. Joseph Mathen :** Will the hon. Minister for Education, Food and Labour be pleased to state :—

(*a*) whether acting Inspectors in the Transport Department who were recruited as Operating staff were sent to ministerial section as clerks after 1st July 1951; if so, please state.—

(1) the salary they were entitled to draw immediately before their transfer to the ministerial section.

(2) the salary they are now entitled to draw as clerks.

(*b*) whether the Government have taken any action to rectify the reduction of pay, if any, due to this transfer?

Chief Minister **(Sri. C. Kesavan) :**

(*a*) Yes.

The amounts vary in the case of different individuals.

(*b*) The matter is engaging the attention of Government.

നേഴ്സുമാർ

*ഫ ൫൯ (൨൪) ശ്രീ. കെ. എ. മാത്യു : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പബ്ലിക്ക് ഹെൽത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) പബ്ലിക്ക്ഹെൽത്ത് ഡിപ്പാർട്ടുമെൻറിൽ നേഴ്സായി നിയമിക്കുന്നതിന് അപേക്ഷകൾ ക്ഷണിച്ചിരുന്നുവോ ;

(ബി) അപേക്ഷകൾ ലഭിച്ചുവോ ;

LIBRARY ARCHIVES Kerala Legislative Assembly